**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 210** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് ഓഫീസുകൾ, കലക്ടറേറ്റുകൾ തുടങ്ങിയ സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിലും ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് ഓഫീസുകൾ, കലക്ടറേറ്റുകൾ തുടങ്ങിയവ ഉൾപ്പെടെ സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. അതിൻപ്രകാരം എല്ലാ നിയോജക മണ്ഡലങ്ങളിലുമായി, CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജിംഗിനായി, ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്.<br><br>**അനെർട്ട്**<br><br>മോട്ടോർ വാഹന വകുപ്പ് നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ 30 kW ശേഷിയുള്ള 35 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് ANERT-മായി എഗ്രിമെന്റ് വയ്ക്കുകയും ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 25 സ്ഥലങ്ങളാണ് മോട്ടോർ വാഹന വകുപ്പ് തിരഞ്ഞെടുത്തു നൽകിയിട്ടുള്ളത്. ഇതിൽ 25 സ്ഥലങ്ങൾ എൻഫോഴ്സ്മെന്റ് ഓഫീസുകളും, കളക്ടറേറ്റുകളും, മറ്റ് സർക്കാർ അനുബന്ധ സ്ഥാപനങ്ങളുമാണ്. ഇതിൽ 7 സ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. 18 സ്ഥലങ്ങളിൽ പദ്ധതി നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | ഇലക്ട്രിക് വാഹന ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻഡക്ഷൻ | (ബി) | **കെ.എസ്.ഇ.ബി.എൽ.** |

| | | |
|---|---|---|
| | ചാർജ്ജിംഗ്, വെഹിക്കിൾ-ടു-ഗ്രിഡ് സാങ്കേതികവിദ്യ, അൾട്രാ ഫാസ്റ്റ് ചാർജ്ജറുകൾ തുടങ്ങിയ പുതുതലമുറ ഇ. വി. ചാർജ്ജിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ഇലക്ട്രിക് വെഹിക്കിൾ (ഇ.വി) ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഇൻഡക്ഷൻ ചാർജ്ജിംഗ്, വെഹിക്കിൾ-ടു-ഗ്രിഡ് (വി2ജി) സാങ്കേതിക വിദ്യ അൾട്രാ ഫാസ്റ്റ് ചാർജ്ജറുകൾ തുടങ്ങിയ പുതുതലമുറ ഇ.വി. ചാർജ്ജിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.<br><br>അതിൻ പ്രകാരം വെഹിക്കിൾ-ടു-ഗ്രിഡ് (V2G) സാധ്യത വിലയിരുത്തുന്നതിനും, അതുമായി ബന്ധപ്പെട്ട പഠനം നടത്തുന്നതിനും, തുടർന്ന് അടുത്ത ഘട്ടത്തിൽ കേരളത്തിലെ വൈദ്യുതി വിതരണ ശൃംഖലയിൽ ഒരു പൈലറ്റ് വെഹിക്കിൾ-ടു-ഗ്രിഡ് (V2G) പദ്ധതി നടപ്പിലാക്കുന്നതിനുമായി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ബോംബെ (IIT Bombay)യുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.<br><br>ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ഇൻഡക്ഷൻ അധിഷ്ഠിത വയർലെസ് ചാർജ്ജിംഗ് സംവിധാനങ്ങൾ, വാഹനങ്ങൾ ഓടുമ്പോൾ തന്നെ ചാർജ്ജ് ചെയ്യാൻ കഴിയുന്ന ഡൈനാമിക് ചാർജിംഗ് സാധ്യമാക്കുന്നു.<br><br>ഇലക്ട്രിക് ട്രക്കുകൾ, ഇലക്ട്രിക് ബസുകൾ എന്നിവ ചാർജ് ചെയ്യുന്നതിനാവശ്യമായ ഉയർന്ന കപ്പാസിറ്റിയുള്ള ഡിസി ഫാസ്റ്റ് ചാർജറുകൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു.<br><br>**<u>അനെർട്ട്</u>**<br><br>ഇലക്ട്രിക്ക് വാഹന ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി Induction charging, Vehicle to Grid സാങ്കേതിക വിദ്യ Ultra-Fast charger-കൾ തുടങ്ങിയ പുതുതലമുറ EV ചാർജിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന സാധ്യത പരിശോധിച്ചിട്ടുണ്ട്. Induction charging സാങ്കേതിക വിദ്യയിൽ Static induction wireless ചാർജിംഗും Dynamic induction wireless ചാർജിംഗും ഉൾപ്പെടുന്നു. Static Induction ചാർജിംഗിനെ അപേക്ഷിച്ച് Dynamic Induction charging-ന് മുതൽ മുടക്ക് കൂടുതൽ ആണ്.<br><br>ഇലക്ട്രിക്ക് വാഹനങ്ങളിൽ സംഭരിക്കുന്ന വൈദ്യുതി പീക്ക് സമയങ്ങളിൽ ഗ്രിഡിലേക്ക് നൽകുന്ന സാങ്കേതിക വിദ്യ "Vehicle to Grid" പ്രോജക്ടുമായി ബന്ധപ്പെട്ട ഒരു പൈലറ്റ് പ്രൊജക്റ്റ് തിരുവനന്തപുരം ANERT-ന്റെ കേന്ദ്ര കാര്യാലയത്തിൽ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 400 മുതൽ 500 kW ശേഷിയുള്ള Pantograph സാങ്കേതിക വിദ്യയോടുകൂടിയ Ultra-fast ചാർജറുകൾ KSRTC ബസ്സുകൾക്ക് വേണ്ടി സ്ഥാപിക്കുന്നതിനുള്ള പരിശോധനകൾ നടത്തിവരുന്നു. |
| (സി) | ഇ. വി. ചാർജിംഗ് സ്റ്റേഷനുകളിൽ സുഗമമായ ചാർജിംഗിനും വിശ്രമത്തിനും ഒരു പോലെ അവസരം ഒരുക്കുന്നതിനായി റിഫ്രഷ് ആൻഡ് റീചാർജ് പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള വൈദ്യുതി വാഹന ചാർജിംഗ് സ്റ്റേഷനുകളിൽ സുഗമമായ ചാർജിംഗിനും വിശ്രമത്തിനും ഒരു പോലെ അവസരം ഒരുക്കുന്നതിനായി റിഫ്രഷ് & റീച്ചാർജ് (Refresh & Recharge) പദ്ധതി പൊതുസ്വകാര്യ പങ്കാളിത്തത്തിൽ നടപ്പിലാക്കാനുള്ള E-tender ക്ഷണിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ഇതുവരെ സ്ഥാപിച്ചിട്ടുള്ള 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ എല്ലാം തന്നെ പുത്തൻ സാങ്കേതിക വിദ്യയിലുള്ള ചാർജിംഗ് ഉപകരണങ്ങൾ സ്ഥാപിച്ചുകൊണ്ട് കുറഞ്ഞത് നാല് വാഹനങ്ങൾ ഒരേസമയം ചാർജ് ചെയ്യാൻ കഴിയുന്ന രീതിയിലുള്ള നവീകരണമാണ് ലക്ഷ്യമിടുന്നത്. കൂടാതെ, മൊബൈൽ ആപ്പുകൾ ഒഴിവാക്കികൊണ്ടുള്ള പേയ്മെന്റ് സംവിധാനങ്ങളും ഒരുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ